## 20. ഗുരുനാഥൻമണ്ണ് സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

ഗുരുനാഥൻമണ്ണ് പ്രദേശത്തുള്ള മലങ്കര കത്തോലിക്കാ കുടുംബങ്ങൾ ആരാധനയ്ക്കായി പോയിരുന്നത് സമീപ ഇടവകകൾ ആകുന്ന സീതത്തോട്, വയ്യാറ്റുപുഴ ദേവാലയങ്ങളിലായിരുന്നു. ഈ ദേവാലയങ്ങളിലേയ്ക്കുള്ള യാത്രാബുദ്ധിമുട്ട് അന്ന് ചുമതലയിൽ ഉള്ള വൈദീകരുടെ ശ്രദ്ധയിൽപെടുത്തുമ്പോൾ "നിങ്ങളുടെ മക്കളെ ദൈവവിളിക്കു വിടുക" എന്നു പറയുമായിരുന്നു. എന്നാൽ ദൈവനിശ്ചയപ്രകാരം സീറോ മലബാർ സഭയുടെ ഒരു ദേവാലയം ഗുരുനാഥൻമണ്ണിൽ സ്ഥാപിതമാക്കുവാൻ പോകുന്നു എന്നറിഞ്ഞപ്പോൾ 1975 ൽ സീതത്തോട് പള്ളിയുടെ വികാരി ആയിരുന്ന ബഹു. തോമസ് പടയാനിക്കൽ അച്ചൻ ദിവംഗതനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ശ്രദ്ധയിൽപ്പെടുത്തി. ബഹു. തോമസ് പടയാനിക്കൽ അച്ചൻ ഗുരുനാഥൻമണ്ണിൽ വന്ന് മണ്ണിൽ വീട്ടിൽ ഏബ്രഹാം ജോർജ്ജും മറ്റ് കുടുംബാംഗങ്ങളുമായി നേരിൽക്കണ്ട് എത്രയും പെട്ടെന്ന് ഒരു ഷെഡ് നിർമ്മിച്ചാൽ പിറ്റേദിവസം മുതൽ പള്ളിക്ക് അംഗീകാരം തരാം എന്നറിയിച്ചു. അതനുസരിച്ച് ഏബ്രഹാം ജോർജ്ജ് ദാനമായി 10 സെന്റ് സ്ഥലം ഗുരുനാഥൻമണ്ണ്-വയ്യാറ്റുപുഴ റോഡിനോട് ചേർന്ന് കൊടുക്കുകയും 8 കുടുംബങ്ങൾ അക്ഷീണം പരിശ്രമം നടത്തി കുന്നുകൾ ഇടിച്ചുനിരത്തി ഒരു ചാപ്പൽ നിർമ്മിച്ചു. 1975 ഓഗസ്റ്റ് 15-ാം തീയതി ദിവംഗതനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി വയ്യാറ്റുപുഴ റോഡു വഴി വന്ന് കൂദാശ നിർവ്വഹിച്ചു. 8 കുടുംബങ്ങൾ ആയിരുന്നു ആദ്യം ദേവാലയത്തിൽ ഉണ്ടായിരുന്നത്. അവരുടെ പേരുകൾ ഏബ്രഹാം ജോർജ്ജ് മണ്ണിൽ, തോമസ് പൂവണ്ണുനിൽക്കുന്നതിൽ, ജോർജ്ജ് പുളിമൂട്ടിൽപീടികയിൽ, ചെറിയാൻ പതാലിൽ, ചെറിയാൻ കിടങ്ങിൽപടിഞ്ഞാറ്റതിൽ, യോഹന്നാൻ മംഗലത്തിൽ, ആന്റണി ചരിവുകാലായിൽ, വർഗ്ഗീസ് പുതുപ്പറമ്പിൽ എന്നീ കുടുംബങ്ങളായിരുന്നു. കൂദാശയ്ക്കുശേഷം വയ്യാറ്റുപുഴ ഇടവകയിൽ നിന്നും തോമസ് വരിക്കോലിൽ ഇടവകാംഗമായി. ആ കാലഘട്ടത്തിൽ മാതാപിതാക്കളുടെ കൂട്ടായ പ്രാർത്ഥനയും പ്രവർത്തനവും നല്ല മാതൃക ആയിരുന്നു. അതിനുശേഷം സ്ഥലപരിമിതി ഉള്ള കാര്യം അരമനയിൽ ബോധ്യപ്പെടുത്തിയപ്പോൾ 1978 ൽ ഇപ്പോൾ പള്ളി സ്ഥിതി ചെയ്യുന്ന 85 സെന്റ് സ്ഥലം 4500/- രൂപയ്ക്ക് പഴയമഠത്തിൽ കുട്ടച്ചനോട് വാങ്ങി. അരമനയിൽ നിന്നും 4000/- രൂപയും മണ്ണിൽ ഏബ്രഹാം ജോർജ്ജ് 500/- രൂപയും കൊടുത്ത് ഈ സ്ഥലം വാങ്ങി. പിന്നീട് ആ സ്ഥലത്ത് മണ്ണിടിച്ച് നിരത്തി. ചാപ്പൽ നിർമ്മിച്ചു. അതിനുശേഷം വികാരിമാർ ആയി ബഹു. മാത്യു ആലുംമൂട്ടിൽ അച്ചൻ തുടർന്ന് യോഹന്നാൻ മുളമൂട്ടിൽ അച്ചൻ, എന്നിവർ സേവനം ചെയ്തു. 1984 ൽ ബഹു. ജോസ് ചാമക്കാലായിൽ അച്ചൻ വികാരി ആയിരിക്കുന്ന സമയത്താണ് ഇവിടെ ഒരു പുതിയ ദേവാലയം സ്ഥാപിക്കുന്നത്.

അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി ആ ദേവാലയത്തിന്റെ കൂദാശ നിർവ്വഹിച്ചു. ആ സമയം ആയപ്പോഴേയ്ക്കും കുറെ കുടുംബങ്ങൾ ദേവാലയത്തിന്റെ അംഗങ്ങളായി കടന്നുവന്നു. 1986-87 കാലഘട്ടത്തിൽ ബഹു. ജോൺ സി. പുത്തൻവീട്ടിലച്ചൻ വികാരി ആയി കടന്നു വന്നു. ആ കാലഘട്ടമൊക്കെയും സീതത്തോട്ടിൽ നിന്നും നടന്നാണ് ബഹു. വൈദീകർ വി. കുർബ്ബാനയ്ക്കായി വന്നിരുന്നത്. മാസത്തിൽ 2 വി. കുർബ്ബാനയേ ഉണ്ടായിരുന്നുള്ളൂ. അതിനുശേഷം സഹവികാരിമാരുടെ സഹായവും ലഭിക്കുവാൻ തുടങ്ങി.

1999 ൽ ഒരു ചെറിയ ആഡിറ്റോറിയം ദേവാലയത്തിനായി പണിയുകയും അഭിവന്ദ്യ സിറിൾ മാർ ബസേലിയോസ് കാതോലിക്കാബാവാ അതിന്റെ കൂദാശ നടത്തുകയും ചെയ്തു. 2002 ൽ ബഹു. ക്രിസ്റ്റി തേവള്ളിൽ അച്ചൻ വികാരി ആയിരുന്നപ്പോൾ ദേവാലയത്തിനോട് ചേർന്ന് 1.2 സെന്റ് സ്ഥലവും ചെറിയ കെട്ടിടവും 4,00,000/രൂപയ്ക്കു വാങ്ങി. 2004 ൽ ആ സ്ഥലത്ത് റബ്ബർ മരവും വെച്ചു പിടിപ്പിച്ചു.

ക്രിസ്റ്റി തേവള്ളിൽ അച്ചനു ശേഷം ബഹു. ജോസ് കളവിള അച്ചൻ വികാരി ആയി കടന്നു വന്നു. തുടർന്ന് ബഹു. തോമസ് ഈട്ടിക്കാലായിൽ അച്ചൻ വികാരി ആയിരുന്ന സമയത്താണ് 2015 ൽ ദേവാലയം പുനർ നിർമ്മിക്കുകയും അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ അതിന്റെ കൂദാശ നിർവ്വഹിക്കുകയുണ്ടായി. തുടർന്ന് ബഹു. വർഗീസ് ചാമക്കാലായിൽ അച്ചൻ വികാരിയായി കടന്നു വന്നു. അച്ചന്റെ സേവന സമയത്താണ് ദേവാലയത്തിന്റെ ആഡിറ്റോറിയം പുനർ നിർമ്മാണം നടത്തുകയും ദേവാലയത്തിനായി ഒരു

കുഴൽകിണർ കുഴിക്കുകയും അതുപോലെ തന്നെ ദേവാലയത്തിന്റെ മോണ്ടളത്തിന് ഗ്രിൽ ഇട്ട് വൃത്തിയാക്കിയതും. 2019 മുതൽ ബഹു. വർഗ്ഗീസ് വിളയിലച്ചൻ വികാരി സ്ഥാനം ഏറ്റെടുത്തു. ആ സമയത്ത് പള്ളിയുടെ സെമിത്തേരിയുടെ കുറച്ചുഭാഗം മതിലുകെട്ടി തിരിക്കുകയും 2020 ഡിസംബർ 7 ന് ദേവാലയത്തിനോട് ചേർന്ന് കർമ്മല മാതാവിന്റെ നാമത്തിൽ ഒരു കുരിശ്ശടി പണിത് പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയൂസ് മെത്രാപ്പോലീത്താ കൂദാശ നിർവ്വഹണം നടത്തി.

**ഇടവകയിൽ സേവനം ചെയ്ത വികാരിമാർ**

1. റവ. ഫാ. തോമസ് പടയാനിക്കൽ
2. റവ.ഫാ. മാത്യു ആലുംമൂട്ടിൽ
3. റവ. ഫാ. യോഹന്നാൻ മുളമൂട്ടിൽ
4. റവ. ഫാ. ജോസ് ചാമക്കാലായിൽ
5. റവ. ഫാ. ജോൺ സി. പുത്തൻവീട്
6. റവ.ഫാ. ജോൺ തുണ്ടിയത്ത്
7. റവ. ഫാ. ക്രിസ്റ്റി തേവള്ളിൽ
8. റവ. ഫാ. മാത്യു ചരിവുകാലായിൽ
9. റവ. ഫാ. ജോസ് കളവിള
10. റവ. ഫാ. തോമസ് ഈട്ടിക്കാലായിൽ
11. റവ. ഫാ. വർഗ്ഗീസ് ചാമക്കാലായിൽ

**ഇടവകയിൽ ശുശ്രൂഷ ചെയ്ത സഹവികാരിമാർ**

1. റവ. ഫാ. വർക്കി ആറ്റുപുറത്ത്
2. റവ. ഫാ. കോശി അയ്യനേത്ത്
3. റവ. ഫാ. ക്രിസ്റ്റി തേവള്ളിൽ
4. റവ. ഫാ. എമ്മാനുവേൽ ബംഗ്ലാവിൽ
5. റവ. ഫാ. ഗീവർഗ്ഗീസ് വൈദ്യൻ
6. റവ. ഫാ. ജോൺ വൈപ്പിൽ
7. റവ. ഫാ. ജോസഫ് നെടുംപതാൽ
8. റവ. ഫാ. മാത്യു മരോട്ടിമൂട്ടിൽ
9. റവ. ഫാ. ജോസഫ് നെടുമാംകുഴി
10. റവ. ഫാ. തോമസ് മുകളുംപുറത്ത്
11. റവ. ഫാ. ജോസ് കോണാത്തുവിള
12. റവ. ഫാ. തോമസ് മുകളുംപുറത്ത്

13. റവ.ഫാ. ജോസഫ് വെഞ്ചാനത്ത്

14. റവ. ഫാ. സെബാസ്റ്റ്യൻ ചരുവിള

15. റവ. ഫാ. ഷൈജു പുന്നമൂട്ടിൽ

16. റവ. ഫാ. ജോർജ്ജ് വർഗീസ്, പുതുപ്പറമ്പിൽ

17. റവ. ഫാ. സിജോ ചരിവുപറമ്പിൽ എന്നിവരാണ്.

**ഇടവകയിലെ ട്രസ്റ്റിമാർ**

പതാലിൽ ചെറിയാൻ, ആന്റണി ചരിവുകാലായിൽ, തോമസ് പാലയ്ക്കത്തറയിൽ, വർഗ്ഗീസ് പാലയ്ക്കത്തറയിൽ, ജേക്കബ് മണ്ണിൽ , തോമസ് പൂവണ്ണുനിൽക്കുന്നതിൽ, ജോൺ മേലേത്ത്, വർഗീസ് മംഗലത്തിൽ, ജോർജ്ജ് വർഗീസ് മണ്ണിൽ, മത്തായി പുളിമൂട്ടിൽ പീടികയിൽ, കോശി മംഗലത്താടിയിൽ, ചെറിയാൻ തോമസ് മേപ്പുറത്ത്, പി.ബി.ബാബു പുതുപ്പറമ്പിൽ എന്നിവരാണ്.

**സേവനം ചെയ്ത സെക്രട്ടറിമാർ**

ജോർജ്ജ് ഏബ്രഹാം മണ്ണിൽ, അവറാച്ചൻ തനയംപ്ലാക്കൽ, തോമസ് കിടങ്ങിൽ പടിഞ്ഞാറ്റതിൽ, വർഗ്ഗീസ് മംഗലത്തിൽ, ചെറിയാൻ തോമസ് മേപ്പുറത്ത്, ജോർജ്ജ് വർഗ്ഗീസ് മണ്ണിൽ, മാത്യു മണ്ണിൽ എന്നിവരാണ്.

**ഇടവകയിലെ സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർമാരായി സേവനം ചെയ്തവർ**

ജോർജ്ജ് ഏബ്രഹാം മണ്ണിൽ, അവറാച്ചൻ തനയംപ്ലാക്കൽ, വർഗ്ഗീസ് മംഗലത്താടിയിൽ

**ഇടവകയിലെ പ്രധാന ശുശ്രൂഷകരായി സേവനം ചെയ്തവർ**

ജോർജ്ജ് ഏബ്രഹാം മണ്ണിൽ, അവറാച്ചൻ തനയംപ്ലാക്കൽ, സി.എ.മാത്യു ചരിവുകാലായിൽ

ഇടവകയിൽ നിന്ന് ദൈവവിളി സ്വീകരിച്ച് പൗരോഹിത്യ പരിശീലനത്തിൽ ആയിരിക്കുന്ന മംഗലത്തിൽ യോഹന്നാന്റെയും തങ്കമ്മയുടെയും മകൻ ബഹു. ബ്രദർ അനന്ദ് പരിശീലനം നടത്തുന്നു.

ഇടവകയുടെ ആദ്യകാലം മുതൽ മിഷനറിമാർ ആയി സേവനം ചെയ്യുന്നത് ബഥനി സന്യാസിനി സമൂഹത്തിലെ സീതത്തോട് മഠത്തിലെ ബഹു. സിസ്റ്റേഴ്സ് ആണ്. ഇപ്പോൾ സേവനം ചെയ്യുന്നത് ബഹു. സി. ഗബ്രിയേൽ എസ്.ഐ.സി. ആണ്.

ഇടവകയുടെ സമഗ്ര വളർച്ചയിൽ ത്യാഗപൂർണ്ണമായ ശുശ്രൂഷ നിർവ്വഹിച്ച ഒരു വ്യക്തി ആണ് ശ്രീ. മാത്യു മണ്ണിൽ. നീണ്ട വർഷക്കാലം ഇടവകയുടെ ട്രസ്റ്റിയായും, സെക്രട്ടറിയായും സേവനം ചെയ്തു. ഇപ്പോൾ ഇടവകയുടെ ട്രസ്റ്റി ആയി സേവനം ചെയ്യുന്നു. ഇടവകയുടെ സെക്രട്ടറിയായി സേവനം ചെയ്യുന്നത് ശ്രീ. യോഹന്നാൻ കാലാപറമ്പിൽ ആണ്. ഇപ്പോൾ ഇടവകയുടെ സണ്ടേസ്കൂൾ ഹെഡ്മിസ്ട്രസ്സായി ശ്രീമതി. ലൗലി ഷിജു ചരിവുകാലായിലും ഇടവകയുടെ പ്രധാന ശുശ്രൂഷകനായി ശ്രീ. ജൂബിൽ ഇളവട്ടയിലും സേവനം ചെയ്യുന്നു.